# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 6033

28/10/2011 ൽ മറുപടിക്ക്

**കെട്ടിക്കിടക്കുന്ന ഭക്ഷ്യധാന്യം ബി.പി.എൽ കുടുംബങ്ങൾക്ക് നൽകണമെന്ന ശുപാർശ**

**ചോദ്യം**

ശ്രീ. ബി. സത്യൻ

**ഉത്തരം**

ശ്രീ.ടി.എം.ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) കെട്ടിക്കിടക്കുന്ന ഭക്ഷ്യധാന്യം ബി.പി.എൽ കുടുംബങ്ങൾക്ക് നൽകാനുള്ള പാർലമെന്ററി സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് ലഭിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(എ) കെട്ടിക്കിടക്കുന്ന ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള കേന്ദ്ര വിജിലൻസ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം ദരിദ്ര ജില്ലകളായ പാലക്കാട്, വയനാട് ജില്ലകളിലെ പാവപ്പെട്ടവർക്കായി ബി.പി.എൽ നിരക്കിൽ പ്രതിമാസം 393 മെട്രിക് ടൺ അരിയും 62 മെട്രിക് ടൺ ഗോതമ്പും 2011 സെപ്തംബർ മുതൽ നവംബർ വരെയുള്ള മാസങ്ങളിലേക്ക് അനുവദിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത ജില്ലകളിലേയ്ക്ക് ഒരു വർഷ കാലയളവിലേയ്ക്ക് 1420 മെട്രിക് ടൺ അരിയും 474 മെട്രിക് ടൺ ഗോതമ്പും ബി.പി.എൽ നിരക്കിൽ കൂടുതലായി അനുവദിച്ചിട്ടുണ്ട്.

ഇതുകൂടാതെ 2011 ജൂൺ മുതൽ 2012 മാർച്ച് വരെയുള്ള കാലയളവിലേയ്ക്ക് 94420 മെട്രിക് ടൺ അരിയും,24748 മെട്രിക് ടൺ ഗോതമ്പും അഡ്ഹോക് വിഹിതമായി ബി.പി.എൽ കാർഡുടമകൾക്ക് അനുവദിക്കുകയുണ്ടായി.

(ബി) ഹോട്ടലുകളിലും മറ്റു ഭക്ഷണശാലകളിലും അധികവില ഈടാക്കുന്നതും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദമാക്കാമോ ?

(ബി) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷ്യധാന്യങ്ങൾക്ക് ഈടാക്കുന്ന വില നിയന്ത്രിക്കാൻ നിയമപരമായി സർക്കാരിന് കഴിയില്ല. എന്നാൽ ഹോട്ടലുകളിലേയും റസ്റ്റോറന്റുകളിലെയും ഭക്ഷ്യ വസ്തുക്കളുടെ വില പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുള്ളതും ആയത്

പരിശോധിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അധികാരം നൽകിയിട്ടുള്ളതുമാണ്.

അവശ്യ വസ്തു നിയമത്തിന്റെ പരിധിയിൽപ്പെടുത്തിയാണ് മേൽപ്പറഞ്ഞ നിയമത്തിന് പ്രാബല്യം നൽകിയിരിക്കുന്നത്. വില നിലവാരം പ്രദർശിപ്പിക്കാത്ത ഹോട്ടലുടമകൾക്കെതിരെ 1977 ലെ കേരളാ ഫുഡ് സ്റ്റഫ് (ഡിസ്പ്ലേ ഓഫ് പ്രൈസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്സ്) ഓർഡർ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. ഹോട്ടലുകളിൽ ഭക്ഷണങ്ങളുടെ വിൽപ്പന വില നിശ്ചയിക്കാൻ നിലവിൽ നിയമമില്ല. എന്നാൽ പ്രദർശിപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടിയ വില ഈടാക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. ഹോട്ടലുകൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തി ഓരോ ഗ്രേഡിലും പെട്ട ഹോട്ടലുകളിലെ ഭക്ഷ്യ സാധനങ്ങളുടെ വില നിശ്ചയിച്ച് നൽകാൻ ആവശ്യമായ നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.